Draft #6 of File 32053/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 31-Aug-2022 04:39 PM - Page 10

xi. കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ

xii. സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ

xiii. ഇൻവാലിഡ് പെൻഷൻകാർ

xiv. യു.ജി.സി.പെൻഷൻകാർ

xv യു.ജി.സി.കുടുംബ പെൻഷൻകാർ

**കുറിപ്പ്:-** മുകളിൽ ഖണ്ഡിക 10 - ലെ i മുതൽ xv വരെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള പെൻഷണർക്ക് പ്രത്യേക ഉത്സവബത്തയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**11. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് ബോണസ് / പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.**

i) മറ്റേതെങ്കിലും ബോണസ് ആക്ട് / ആക്ടിന്റെ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവർ.

ii) 31.03.2022 തീയതിയിൽ കേരള സർവീസ് റൂൾസിലെ അപ്പെന്റിക്സ് XII പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ " ജോയിനിംഗ് സ്പൗസ് " എന്നതിനോ ശൂന്യവേതനാവധിയിലായിരുന്നവർ.

**12.** 31.03.2023 -ന് മുമ്പ് ബോണസ് / പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്. അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും / വേതനം / പെൻഷൻ എന്നിവ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്നുതന്നെ ഈ ഇനത്തിലുള്ള ചെലവും വഹിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോണസ് / പ്രത്യേക ഉത്സവബത്തയിനത്തിലുള്ള ചെലവ് അതാത് തദ്ദേശ സ്ഥാപനങ്ങൾ, ശമ്പളം / വേതനം നൽകുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**13.** ജീവനക്കാരുടെയും പെൻഷൻകാരുടെയും 2021 – 22 - ലെ ബോണസ് / പ്രത്യേക ഉത്സവബത്തയുടെ വിതരണം **03.09.2022** തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നെൽസൺ.ജെ**

ധനകാര്യ അഡീഷണൽ സെക്രട്ടറി

**പകർപ്പ്:-**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.

